**(VI) <u>വകുപ്പിന്റെ കൈവശത്തിലുള്ളതോ നിയന്ത്രണത്തിൻകീഴിലുള്ളതോ ആയ പ്രമാണങ്ങളുടെ തരം തിരിച്ച ഒരു സ്റ്റേറ്റ്മെന്റ്</u>**

മിനറൽ കൺസഷനുകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് അപേക്ഷകർ സമർപ്പിക്കുന്ന അപേക്ഷയും അതുമായി ബന്ധപ്പെട്ട് സമർപ്പിക്കുന്ന പ്രമാണങ്ങളും കേരള സർക്കാരിന്റെ ആഫീസ് നടപടിക്രമത്തിൽ പരാമർശിച്ചിരിക്കുന്ന പ്രകാരം സൂക്ഷിച്ചുവയ്ക്കേണ്ട കാലം വരെ സൂക്ഷിക്കുന്നുണ്ട്. എല്ലാ മിനറൽ കൺസഷനുകൾ അനുവദിക്കുമ്പോഴും ആയത് ബന്ധപ്പെട്ട രജിസ്റ്ററിൽ ചേർക്കുന്നതും ടി രജിസ്റ്ററുകൾ സൂക്ഷിച്ചു വയ്ക്കുന്നതുമാണ്. രജിസ്റ്റർ ചെയ്യുന്ന ലീസ് ഡീഡുകള പ്രത്യേകം സൂക്ഷിച്ചു വയ്ക്കുന്നതാണ്. കൂടാതെ അപേക്ഷകർ പണം അടച്ചു ഹാജരാക്കുന്ന ചെല്ലാനുകളും, റ്റി.ആർ.–5 രസീതുകളും പ്രത്യേകമായി സൂക്ഷിക്കുന്നുണ്ട്.